©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

**(2021-2023)**

## നാലാമത് റിപ്പോർട്ട്

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 322/2016) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

**സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി**

**(2021-2023)**

**നാലാമത് റിപ്പോർട്ട്**

(2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

# 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 322/2016) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്

250/2022

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 322/2016) | .. | 5 |
| അനുബന്ധം II (പരാതികളെ സംബന്ധിച്ചുള്ള റിപ്പോർട്ട്) | .. | 9 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിൻ (2012-ലെ 14-ാം ആക്റ്റ്) കീഴിൽ പുറപ്പെടുവിച്ച 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങൾ സംബന്ധിച്ച 322/2016-ാം നമ്പർ എസ്.ആർ.ഒ., സമിതിയുടെ 10-7-2019-ലെ യോഗത്തിൽ പരിശോധിക്കുകയും ആരോഗ്യ കുടുംബക്ഷേമം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. കൂടാതെ പ്രസ്തുത എസ്.ആർ.ഒ.-യുടെ സൂക്ഷ്മപരിശോധനാ വേളയിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്, സമിതിയുടെ 10-9-2021-ലെ യോഗത്തിൽ പരിഗണിച്ചു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 ഫെബ്രുവരി 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

,

**എം. എം. മണി,**
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

# റിപ്പോർട്ട്

മനുഷ്യജീവന്റെ കാവലാളുകളാണ് ആരോഗ്യപ്രവർത്തകർ. ആരോഗ്യ മേഖലയിൽ അതിസമ്പന്നമായ ഒരു പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിന് ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ചികിത്സാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പുരാതന കാലം മുതൽ സമൂഹത്തിൽ ഉന്നതമായ ഒരു സ്ഥാനവും നല്കപ്പെട്ടിരുന്നു. അറിവും ആത്മാർത്ഥതയും അർപ്പണമനോഭാവവും ത്യാഗസന്നദ്ധതയും തുടങ്ങി എല്ലാ ശ്രേഷ്ഠ ഗുണങ്ങളും മറ്റാരേക്കാളും അത്യാവശ്യമായി ഉണ്ടായിരിക്കേണ്ടവരാണ് ആരോഗ്യപ്രവർത്തകർ. അവർക്ക് നിർഭയമായി തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടത് ഒരു സാമൂഹ്യ പ്രതിബദ്ധതയായി കാണേണ്ടതാണ്.

2. ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം, ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും  എന്നിവയെ ഒരു പ്രത്യേക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് തടയുക  എന്ന ലക്ഷ്യത്തോടുകൂടിയാണ് 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട് (2012-ലെ 14-ാം ആക്ട്) നിലവിൽ വന്നത്. പ്രസ്തുത ആക്ടിലെ 7-ാം  വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് 322/2016-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം (അനുബന്ധം I) 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

3. 2016-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 322/2016) സൂക്ഷ്മപരിശോധനയുടെ ഭാഗമായി ആരോഗ്യ കുടുംബക്ഷേമം, നിയമം എന്നീ വകുപ്പ്  ഉദ്യോഗസ്ഥരുമായി 2019 ജൂലൈ 10-ാം  തീയതി സമിതി ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

4. ചട്ടം 1, ചട്ടം 2 എ, ചട്ടം 3-ലെ ശീർഷകം, ചട്ടം 6(2), വിശദീകരണക്കുറിപ്പ് എന്നീ ഭാഗങ്ങളിൽ 'ആരോഗ്യ', 'രക്ഷാ' എന്നിവ പ്രത്യേക വാക്കുകളായി ചേർത്തിരിക്കുന്നു. ആയതിനാൽ ആയവ ആക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതിന് സമാനമായി, 'ആരോഗ്യരക്ഷാ' എന്ന ഒറ്റ വാക്കായി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ആക്ടിലെ സെക്ഷൻ 4(4) പ്രകാരം, "3-ാം  വകുപ്പുപ്രകാരം ചെയ്യുന്ന ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം അനുവദിക്കുവാൻ പാടില്ലാത്തതും ആകുന്നു." [അതായത്, ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമവും അല്ലെങ്കിൽ ആരോഗ്യരക്ഷാ സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാകുന്ന ഏതൊരു കൃത്യവും നിരോധിച്ചിരിക്കുന്നു.] എന്നാൽ, ചട്ടം 4(1)-ൽ, 'പരാതി ലഭിച്ചാൽ പ്രാദേശിക പോലീസ് സ്റ്റേഷൻ ഹൗസ്

ഓഫീസർ, ക്രിമിനൽ നടപടി നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം, പരാതിയിന്മേൽ അന്വേഷണം/പരിശോധന നടത്താനുള്ള നടപടി ആരംഭിക്കേണ്ടതും.........' എന്നാണ് നിഷ്കർഷിക്കുന്നതെന്ന് വിലയിരുത്തിയ സമിതി, 'ക്രിമിനൽ നടപടി നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രസക്തമായ വ്യവസ്ഥകൾ' എന്നതിനു കൂടുതൽ വ്യക്തത വരുത്തണമെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ, ചട്ടം 4(1)-ലെ 'പ്രസക്തമായ വ്യവസ്ഥകൾ' എന്നതിനു പകരം 'ക്രിമിനൽ നടപടി നിയമത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം' എന്ന മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ചട്ടം 4(2)-ൽ, 'കുറ്റകൃത്യം സംബന്ധിച്ച പരാതി കുറ്റകൃത്യം നടന്ന് 48 മണിക്കൂറിനകം അന്യായക്കാരൻ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ അന്യായക്കാരന് പരാതി സമർപ്പിക്കുവാൻ 48 മണിക്കൂറിനുള്ളിൽ കഴിയാത്ത സാഹചര്യമുണ്ടാകാൻ സാധ്യതയുള്ളതായും ക്രിമിനൽ കേസുകളിൽ 48 മണിക്കൂർ എന്ന സമയപരിധി നിലനിൽക്കില്ലെന്നും കുറ്റകൃത്യം കഴിഞ്ഞ് എത്ര ദിവസം കഴിഞ്ഞാലും പരാതി നൽകാൻ കഴിയുമെന്നും നിരീക്ഷിച്ച സമിതി, മൂന്ന് വർഷത്തിൽ താഴെയുള്ള ശിക്ഷ നൽകുന്ന കേസുകളിൽ പരാതിപ്പെടാനുള്ള സമയം സംബന്ധിച്ച് ക്രിമിനൽ പ്രൊസീജിയർ കോഡിൽ (CrPC) വ്യക്തമാക്കുന്നതായി മനസ്സിലാക്കുന്നു. ആയതിനാൽ, ചട്ടം 4(2)-നെ 'കുറ്റകൃത്യം സംബന്ധിച്ച പരാതി, ക്രിമിനൽ പ്രൊസീജിയർ കോഡിൽ പരാമർശിച്ചിരിക്കുന്നത് പോലെ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ചട്ടം 4(4)-ൽ, 'പിഴ അല്ലെങ്കിൽ നഷ്ടപരിഹാരം ചുമത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥൻ അന്തിമ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയതിനുശേഷം ഒരു വർഷ ക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് ' വ്യക്തമാക്കുന്നുണ്ടെങ്കിലും ഒരു വർഷക്കാലയളവി നുള്ളിൽ വിചാരണ പൂർത്തിയാക്കി ശിക്ഷ നടപ്പിലാക്കാൻ കഴിയുമോയെന്ന് സമിതി സംശയം പ്രകടിപ്പിച്ചു. പോക്സോ നിയമങ്ങളിലും സീനിയർ സിറ്റിസൺസ് ആക്റ്റിലും പരാതിയ്ക്ക് തീർപ്പ് കല്പിക്കേണ്ട കാലാവധി നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പ്രയോഗിക തലത്തിൽ അവ പാലിക്കപ്പെടുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

8. ചട്ടം 6(1)-ൽ, ആരോഗ്യരക്ഷാ സ്ഥാപനത്തിൽ നിന്നും ഒരു രോഗിക്ക് വിടുതൽ നൽകുമ്പോഴോ അല്ലാത്തപക്ഷം നീക്കം ചെയ്യുമ്പോഴോ രോഗിക്ക് അല്ലെങ്കിൽ രോഗിയെ പരിചരിക്കുന്ന ആളിന് രോഗിക്ക് നൽകിയ ചികിത്സ സംബന്ധമായ പൂർണ്ണ വിവരം ഓരോ ആരോഗ്യരക്ഷാ സ്ഥാപനവും നൽകേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ചികിത്സയെ സംബന്ധിച്ച വിവരങ്ങൾ ലിഖിതമായി നൽകുന്നതിനുള്ള ഉത്തരവാദിത്വം ഓരോ ആരോഗ്യരക്ഷാ സ്ഥാപനത്തിനും ഉണ്ടായിരിക്കുന്നതാണെന്ന് ആക്റ്റിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. രോഗിയുടെ Discharge Summary (വിടുതൽ സംഗ്രഹം) എല്ലാ ആശുപത്രികളും നൽകാറുണ്ടെങ്കിലും ഒരു ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അവസരത്തിൽ, ചികിത്സ സംബന്ധിച്ച് രണ്ടാമതൊരു അഭിപ്രായം തേടേണ്ടി വരുമ്പോൾ അതുവരെ നൽകിയ ചികിത്സ സംബന്ധിച്ച വിവരം നൽകുന്നതിന് ആശുപത്രികൾ വിമുഖത കാട്ടുന്നതായി സമിതി

വിലയിരുത്തി. ആയതിനാൽ ഇത്തരം സന്ദർഭത്തിൽ രോഗിക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, ഡിസ്ചാർജ് ചെയ്യുന്ന സമയത്തോ അല്ലെങ്കിൽ രോഗിയോ രോഗിയെ പരിചരിക്കുന്ന ആളോ ആവശ്യപ്പെടുന്ന സമയത്തോ രോഗിക്ക് അതുവരെ നൽകിയ ചികിത്സ സംബന്ധിച്ച പൂർണ്ണ വിവരം ഓരോ ആരോഗ്യരക്ഷാ സേവന സ്ഥാപനവും ഉടൻതന്നെ നൽകേണ്ടതാണ് എന്ന രീതിയിൽ ചട്ടം 6(1)-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം 6-ൽ ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ കടമകൾ എന്ന തലക്കെട്ടിന് കീഴിലുള്ള ചട്ടം 6(3)-ൽ ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ കടമയല്ല വ്യക്തമാക്കുന്നത്. ആയതിനാൽ, ചട്ടം 6(3) പ്രത്യേക ചട്ടമായി രേഖപ്പെടുത്തണമെന്ന് സമിതി വിലയിരുത്തുന്നു. അപ്രകാരം, നിലവിലെ ചട്ടം 6(3)-നെ, ചട്ടം 7 ആക്കി മാറ്റണമെന്നും ചട്ടം 6-ലെ നിലവിലെ ഉപചട്ടം (4)-നെ, ഉപചട്ടം (3) ആയി പുനഃരക്കം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ആരോഗ്യരക്ഷാ പ്രവർത്തകർക്കും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾക്കും എതിരെയുള്ള അക്രമങ്ങൾ കേസെടുക്കാതെ ഒത്തുതീർപ്പാക്കുന്നതുമൂലം അക്രമ പ്രവണത ഏറിവരുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ സ്ഥാപനങ്ങൾക്ക് നേരെയുള്ള അക്രമം നിർബന്ധമായും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

11. രോഗിക്ക് നൽകിയ ചികിത്സ സംബന്ധിച്ച പൂർണ്ണ വിവരം യഥാസമയം ലഭിച്ചില്ലെങ്കിൽ രോഗി സ്വീകരിക്കേണ്ട തുടർനടപടി, സ്ഥാപനത്തിന് എതിരെ സ്വീകരിക്കേണ്ട നടപടി എന്നിവ ചട്ടത്തിൽ വ്യക്തമാക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. രോഗിയുടെ അവകാശം സംബന്ധിച്ച് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിൽ വ്യവസ്ഥയുണ്ടെന്നും ആയത് ചട്ടം മുഖേന ഉറപ്പാക്കിയാൽ ആശുപത്രികൾ രോഗികളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വീഴ്ചയ്ക്ക് ചെറിയ പിഴ ഈടാക്കുന്നത് മതിയാകില്ലെന്ന് വിലയിരുത്തിയ സമിതി, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾക്ക് വിരുദ്ധമാകാത്ത രീതിയിൽ ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കണമെന്ന വിധത്തിൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

12. ആക്റ്റിലെ സെക്ഷൻ 4(2)-ൽ "(1)-ാം ഉപവകുപ്പിൽ, വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്കു പുറമേ, കേടുവരുത്തിയ മെഡിക്കൽ ഉപകരണത്തിന്റെ ക്രയവിലയുടെ ഇരട്ടിതുക, നഷ്ടപരിഹാരമായി നൽകാൻ കുറ്റക്കാരൻ ബാധ്യസ്ഥനാണെന്ന്" നിഷ്കർഷിക്കുന്നു. എന്നാൽ കേടുവരുത്തിയ മെഡിക്കൽ ഉപകരണങ്ങളുടെ ക്രയവില എപ്രകാരമാണ് കണക്കാക്കേണ്ടതെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വർഷത്തെയും ബാലൻസ് ഷീറ്റിൽ മൂല്യത്തകർച്ച (Depreciation) കഴിഞ്ഞ് രേഖപ്പെടുത്തിയിരിക്കുന്ന തുകയെ കേടുവരുത്തിയ മെഡിക്കൽ ഉപകരണങ്ങളുടെ ക്രയവിലയായി കണക്കാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

13. പി.ഡി.പി.പി. ആക്ടിൻ (Prevention of Damage to Public Property Act) കീഴിൽ വ്യവസ്ഥാപിതമായ രീതി ഉണ്ടെങ്കിൽ ആയത് പ്രകാരമോ അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട അധികാരികളുടെ സർട്ടിഫിക്കറ്റിന്റേയോ മൂല്യനിർണ്ണയത്തിന്റേയോ അടിസ്ഥാനത്തിലോ ക്രയവില നിശ്ചയിച്ച് നഷ്ടപരിഹാരം ഈടാക്കാവുന്ന രീതിയിൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുന്ന അവസരങ്ങളിൽ പലപ്പോഴും ആക്രമണത്തിന് ഇരയാകുന്നത് സെക്യൂരിറ്റി ജീവനക്കാരും അറ്റൻഡർമാരുമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആക്ടിലെ 2(ബി)യിൽ ആരോഗ്യരക്ഷാ സേവന പ്രവർത്തകരുടെ നിർവ്വചനത്തിൽ സെക്യൂരിറ്റി ജീവനക്കാരെയും അറ്റൻഡർമാരെയും ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തിയ സമിതി, ഈ വിഭാഗക്കാരുടെ പരിരക്ഷയ്ക്കായി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനോ അല്ലെങ്കിൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

15. ആരോഗ്യ പ്രവർത്തകർക്കെതിരെയും ആരോഗ്യരക്ഷാ സ്ഥാപനങ്ങൾക്കെതിരെയുമുള്ള അക്രമങ്ങൾ നടത്തുന്ന കുറ്റക്കാരെ പിടികൂടുന്നതിനായി ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ കേസെടുക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു.

16. ആക്ടിനു കീഴിൽ നാളിതുവരെ ലഭിച്ച പരാതികൾ, അവയിൽ പരിഹാരമായവയുടെയും പിഴ/നഷ്ടപരിഹാരം ചുമത്തിയവയുടെയും എണ്ണം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കും, കൂടാതെ എത്ര പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ച് ഒരു വർഷത്തിനകം വിചാരണ തീർപ്പാക്കുന്നുണ്ടോ എന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെട്ടു പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയത്, സമിതി പരിശോധിച്ച് വിലയിരുത്തുകയുണ്ടായി. (അനുബന്ധം II).

17. ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിലൂടെ നിലവിലെ ചട്ടങ്ങളിൽ കൂടുതൽ വ്യക്തത വരുമെന്നും കേരളത്തിലെ ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് നേരെയുള്ള അക്രമങ്ങളുടെ നിരോധനം, ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയൽ എന്നീ പ്രവൃത്തികൾക്ക് ഏറെ സഹായകരമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

**എം. എം. മണി,**

*അദ്ധ്യക്ഷൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 16.

അനുബന്ധം-I

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2016 ഏപ്രിൽ 12<br>12th April 2016<br>1191 മീനം 30<br>30th Meenam 1191<br>1938 ചൈത്രം 23<br>23rd Chaithra 1938 | നമ്പർ<br>No. 789 |

## കേരള സർക്കാർ

ആരോഗ്യവും കുടുംബക്ഷേമവും (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 15/2016/ആകുവ.

തിരുവനന്തപുരം, 2016 മാർച്ച് 31 / 1191 മീനം 18.

എസ്. ആർ. ഒ. നമ്പർ 322/2016.—2012-ലെ കേരള ആരോഗ്യ രക്ഷാസേവന പ്രവർത്തകരും ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിലെ (2012-ലെ ആക്റ്റ് 14) 7-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കേരള സർക്കാർ താഴെപ്പറയുന്ന പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/1321/2016/S-16.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ചട്ടങ്ങൾക്ക് 2016-ലെ കേരള ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളും രക്ഷാസേവന പ്രവർത്തകരും ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ചട്ടങ്ങൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ കേരള ആരോഗ്യ രക്ഷാസേവന പ്രവർത്തകരും ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ്, 2012 (2012-ലെ 14) എന്നർത്ഥമാകുന്നു;

(ബി) "കോടതി" എന്നാൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്കു താഴെയല്ലാത്ത ഒരു കോടതി എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടത്തിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആക്റ്റിൽ യഥാക്രമം കൽപ്പിച്ചിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. ആരോഗ്യ രക്ഷാസേവന പ്രവർത്തകരുടെയും ആരോഗ്യ രക്ഷാസേവന സ്ഥാപനങ്ങളുടെയും പരാതി അന്വേഷിക്കാൻ യോഗ്യതയുള്ള അധികാര സ്ഥാനം.—അക്രമം നടന്ന സ്ഥലം ആ പ്രദേശത്തെ ഏത് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അധികാരാതിർത്തിയിലാണോ സ്ഥിതി ചെയ്യുന്നത്, ആ സ്റ്റേഷൻ ഹൗസ് ഓഫീസർ കുറ്റക്കാരനെതിരെ പരാതി സ്വീകരിക്കാൻ യോഗ്യതയുള്ള അധികാരസ്ഥാനം ആയിരിക്കുന്നതാണ്.

4. പരാതി സമർപ്പിക്കലിനും അന്വേഷണത്തിനുമുള്ള നടപടിക്രമവും സമയപരിധിയും.—(1) പരാതി ലഭിച്ചാൽ പ്രാദേശിക പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ക്രിമിനൽ നടപടി നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രസക്തമായ വ്യവസ്ഥകൾ പ്രകാരം, പരാതിയിൻമേൽ അന്വേഷണം/പരിശോധന നടത്താനുള്ള നടപടി ആരംഭിക്കേണ്ടതും കുറ്റകൃത്യം നടന്ന സ്ഥലമുൾപ്പെടുന്ന അധികാരാതിർത്തിയിലെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2) കുറ്റകൃത്യം സംബന്ധിച്ച പരാതി കുറ്റകൃത്യം നടന്ന് 48 മണിക്കൂറിനകം അന്യായക്കാരൻ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(3) അപ്രകാരം ലഭിച്ച പരാതിയിന്മേൽ സ്റ്റേഷൻ ഹൗസ് ഓഫീസർ അന്വേഷണം നടത്തേണ്ടതും ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതി മുമ്പാകെ 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(4) ഇത്തരം റിപ്പോർട്ട് ലഭിച്ചാലുടൻ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്, റിപ്പോർട്ടിലെ വിഷയം പരിശോധിച്ച് നടപടിയെടുക്കേണ്ടതും ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം കുറ്റക്കാരൻ/കുറ്റക്കാർക്കെതിരെ ഉചിതമായ പിഴയും നഷ്ടപരിഹാരവും ചുമത്തുന്നതിനുവേണ്ട വിചാരണ നടപടികൾ ആരംഭിക്കേണ്ടതും അപ്രകാരമുള്ള പിഴ അല്ലെങ്കിൽ നഷ്ടപരിഹാരം ചുമത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥന്റെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അന്തിമ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കിയതിനുശേഷം ഒരു വർഷക്കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

5. എതിർ പരാതി സമർപ്പിക്കൽ.—കുറ്റക്കാരൻ/കുറ്റക്കാർ കുറ്റകൃത്യമൊന്നും ചെയ്തിട്ടില്ലെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയാണെങ്കിൽ, അന്യായക്കാരായ ആരോഗ്യപ്രവർത്തകനും/പ്രവർത്തകർക്കും ആരോഗ്യരക്ഷാ സേവനസ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട കോടതി മുമ്പാകെ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത (1974-ലെ 2) പ്രകാരം എതിർ പരാതി സമർപ്പിക്കാവുന്നതാണ്.

6. വിടുതൽ നൽകുമ്പോഴോ അല്ലാതെപക്ഷം നീക്കം ചെയ്യുമ്പോഴോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ നിന്നും ഒരു രോഗിക്ക് നൽകുന്ന ചികിത്സ സംബന്ധിച്ച പൂർണ്ണ വിവരം നൽകാനുള്ള ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ കടമകൾ. (1) ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ നിന്നും ഒരു രോഗിക്ക് വിടുതൽ നൽകുമ്പോഴോ അല്ലാതെപക്ഷം നീക്കം ചെയ്യുമ്പോഴോ രോഗിക്ക് അല്ലെങ്കിൽ രോഗിയെ പരിചരിക്കുന്ന ആളിന് രോഗിക്ക് നൽകിയ ചികിത്സ സംബന്ധമായ പൂർണ്ണവിവരം ഓരോ ആരോഗ്യരക്ഷാസേവന സ്ഥാപനവും നൽകേണ്ടതാണ്.

(2) ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ നിന്നും ഒരു രോഗിക്ക് ചികിത്സാകാലയളവിലെ എക്സ്റേ, സ്കാൻ റിപ്പോർട്ട് രോഗവിശകലന റിപ്പോർട്ടുകൾ മുതലായ രോഗിയുടെ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നപക്ഷം ഓരോ ആരോഗ്യരക്ഷാ സേവന സ്ഥാപനവും രോഗിക്കോ രോഗിയെ പരിചരിക്കുന്ന ആളിനോ അവരത് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

(3) ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽനിന്നും രോഗിക്ക് വിടുതൽ നൽകുമ്പോഴോ നീക്കം ചെയ്യുമ്പോഴോ ഉള്ള തീയതി മുതൽ ആറുമാസത്തിനകം രോഗികൾ അല്ലെങ്കിൽ പരിചരിക്കുന്ന ആൾ ചികിത്സാവിവരം ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ നിന്നും ശേഖരിക്കേണ്ടതാണ്.

(4) ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ നിന്നും വിടുതലോ നീക്കംചെയ്യലോ നടന്ന തീയതി മുതൽ ആറുമാസം കഴിഞ്ഞ് രോഗിയെ സംബന്ധിക്കുന്ന ഇത്തരം വിവരം നൽകാനോ പരസ്യപ്പെടുത്താനോ ആരോഗ്യരക്ഷാസേവന സ്ഥാപനത്തിന് ബാധ്യതയുണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. ഇളങ്കോവൻ,

ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള ആരോഗ്യ രക്ഷാസേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് (2012-ലെ 14) 7-ാം വകുപ്പ് ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം-II

**കേരള നിയമസഭ - സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021) - 322/2016 നമ്പർ എസ്.ആർ.ഒ. പരിശോധന - സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.**

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി, 322/2016-ാം നമ്പർ എസ്.ആർ.ഒ. യുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് 10.07.2019 -ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിന്റെ കീഴിൽ നാളിതുവരെ ലഭിച്ച പരാതികൾ, അവയിൽ പരിഹാരമായവയുടെയും പിഴ/നഷ്ടപരിഹാരം ചുമത്തിയവയുടെയും എണ്ണം സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക്, പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം, അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ച് ഒരു വർഷത്തിനകം വിചാരണ തീർപ്പാക്കുന്നുണ്ടോ എന്ന വിലയിരുത്തൽ എന്നീ വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടിരുന്നു.

മേൽ വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ കൊടുക്കുന്നു.

(1) 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിന്റെ കീഴിൽ നാളിതുവരെ ലഭിച്ച പരാതികൾ (ജില്ലാ അടിസ്ഥാനത്തിൽ)

| ജില്ല | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | - | 2 | - | 1 | - | 6 | 5 | 7 | 2 | 23 |
| കൊല്ലം | - | - | - | - | - | 2 | 3 | 6 | - | 11 |
| ആലപ്പുഴ | - | - | - | 1 | 1 | 4 | 4 | 5 | - | 15 |
| പത്തനംതിട്ട | - | - | - | - | - | - | 3 | 3 | 1 | 7 |
| കോട്ടയം | - | - | - | - | - | 3 | 1 | 4 | - | 8 |
| ഇടുക്കി | - | - | - | - | 2 | 1 | 4 | 2 | - | 9 |
| എറണാകുളം | - | 1 | - | 2 | 1 | 3 | 4 | 8 | - | 19 |
| തൃശ്ശൂർ | - | - | 1 | 2 | - | 5 | 5 | 4 | - | 17 |
| പാലക്കാട് | - | - | - | 1 | - | 2 | 2 | 4 | - | 9 |
| മലപ്പുറം | - | 1 | 4 | 9 | - | 15 | 14 | 9 | 14 | 66 |
| കോഴിക്കോട് | 2 | 5 | 2 | 3 | 5 | 4 | 6 | 6 | 1 | 34 |
| വയനാട് | 1 | 1 | - | 1 | 5 | 1 | 3 | 5 | - | 17 |

250/22

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| കണ്ണൂർ | – | 2 | 1 | 1 | 1 | 1 | – | – | – | 6 |
| കാസർഗോഡ് | – | – | – | – | – | – | – | 2 | – | 2 |
| **ആകെ** | | | | | | | | | | **243** |

**പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം**
**തിരുവനന്തപുരം**

| വർഷം | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | ആകെ |
|---|---|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | 2 | – | 1 | -- | 6 | 5 | 7 | 2 | 23 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | 2 | – | 1 | -- | 4 | 4 | 6 | 2 | 19 |

**കൊല്ലം**

| വർഷം | | 2017 | 2018 | 2019 | 2020 | ആകെ |
|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 2 | 3 | 6 | – | 11 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | – | – | 2 | – | 2 |
| | വിചാരണയിലുള്ളവ | 2 | 3 | 2 | – | 7 |
| | വിചാരണ തുടങ്ങാത്തവ | – | – | 2 | – | 2 |

ബഹു. കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയവയിൽ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല.

**പത്തനംതിട്ട**

| വർഷം | | 2018 | 2019 | 2020 | ആകെ |
|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 3 | 3 | 1 | 7 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | – | – | – | – |
| | വിചാരണയിലുള്ളവ | 3 | 3 | 1 | 7 |

ബഹു.കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയവയിൽ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല.

**ആലപ്പുഴ**

| വർഷം | | 2015 | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 1 | 1 | 4 | 4 | 5 | 15 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | - | - | - | - | - | - |
| | വിചാരണയിലുള്ളവ | | 1 | 3 | 4 | 5 | 13 |

2 കേസുകളുടെ വിചാരണ പൂർത്തിയാക്കി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. [(Cr. No.1862/17 convicted on 10.04.2018) (SL for 5 month) & 2015-ലെ 42/2015 നമ്പർ കേസ് ( Acquitted U/s 248(1) CrPC]

**കോട്ടയം**

| വർഷം | | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 3 | 1 | 4 | 8 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | - | - | - | - |
| | വിചാരണയിലുള്ളവ | 3 | 1 | 4 | 8 |

ബഹു.കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയവയിൽ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല

**ഇടുക്കി**

| വർഷം | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | 2 | 1 | 4 | 2 | 9 |
| വിചാരണയിലുള്ളവ | 2 | 1 | 4 | 2 | 9 |

ബഹു.കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയവയിൽ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല.

**എറണാകുളം**

| വർഷം | | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 1 | | 2 | 1 | 3 | 4 | 8 | 19 |
| നടപടി | അന്വേഷണ | - | - | - | - | - | - | 1 | 1 |

250/22

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്വീകരിച്ച | ത്തിലുള്ളവ | | | | | | | | |
| പരാതികളുടെ എണ്ണം | വിചാരണയിലുള്ളവ | 1 | | 2 | 1 | 3 | 4 | 7 | 18 |

ബഹു.കോടതിയിൽ ചാർജ്ജ് ഷീറ്റ് നൽകിയവയിൽ ഒന്നും തന്നെ ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിച്ചതായി കാണുന്നില്ല.

**തൃശ്ശൂർ**

| വർഷം | | 2014 | 2015 | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 1 | 2 | – | 5 | 5 | 4 | 17 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | – | – | – | – | – | – | – |
| | വിചാരണയിലുള്ളവ | 1 | 2 | | 4 | 4 | 4 | 15 |

**പാലക്കാട്**

| വർഷം | | 2015 | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 1 | – | 2 | 2 | 4 | 9 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | – | – | – | – | – | |
| | വിചാരണയിലുള്ളവ | 1 | – | 1 | 2 | 2 | 6 |

**മലപ്പുറം**

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | കേസുകളുടെ നിലവിലെ അവസ്ഥ | | | | |
|---|---|---|---|---|---|---|
| | | UI | PT | CON | ACQ | OD |
| 2013 | 1 | 0 | 1 | 0 | 0 | 0 |
| 2014 | 4 | 0 | 2 | 0 | 1 | 1 |
| 2015 | 9 | 0 | 6 | 0 | 2 | 1 |
| 2016 | 0 | 0 | 0 | 0 | 0 | 0 |
| 2017 | 15 | 0 | 13 | 1 | 0 | 1 |

| | | | | | | |
|---|---|---|---|---|---|---|
| 2018 | 14 | 1 | 12 | 1 | 0 | 0 |
| 2019 | 9 | 4 | 5 | 0 | 0 | 0 |
| 2020 | 14 | 11 | 3 | 0 | 0 | 0 |
| Total | 66 | 16 | 42 | 2 | 3 | 3 |

**കോഴിക്കോട്**

| വർഷം | | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 2 | 5 | 2 | 3 | 5 | 4 | 6 | 6 | 1 | 34 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | | | | | | | | | | |
| | വിചാരണയിലുള്ളവ | | | | | | | | | | |

**വയനാട്**

| വർഷം | | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 1 | 1 | – | 1 | 5 | 1 | 3 | 5 | 17 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| | വിചാരണയിലുള്ളവ | 1 | | | | | | 3 | 3 | 7 |

**കണ്ണൂർ**

| വർഷം | | 2013 | 2014 | 2015 | 2016 | 2017 | ആകെ |
|---|---|---|---|---|---|---|---|
| ലഭിച്ച പരാതികളുടെ എണ്ണം | | 2 | 1 | 1 | 1 | 1 | 6 |
| നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം | അന്വേഷണത്തിലുള്ളവ | 0 | 0 | 0 | 0 | 0 | |
| | വിചാരണയിലുള്ളവ | | 1 | 1 | | 1 | 3 |

2013-ൽ രജിസ്റ്റർ ചെയ്ത രണ്ട് കേസുകളിൽ പ്രതികളെ കോടതി കുറ്റവിമുക്തരാക്കിയിട്ടുള്ളതാണ്. 2016-ൽ രജിസ്റ്റർ ചെയ്ത കേസ് കളവായി നൽകിയതാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇത്തരം കേസുകളിൽ വിചാരണ ഒരു വർഷത്തിനകം പൂർത്തിയാകുന്നില്ല.

**കാസർഗോഡ്**

കാസർഗോഡ് ജില്ലയിൽ 2019-ൽ രജിസ്റ്റർ ചെയ്ത ഒന്നിൽ അന്വേഷണം പൂർത്തീകരിച്ച് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസ് വിചാരണാവസ്ഥയിലാണ്. രണ്ടാമത്തെ കേസിൽ 1,152/- രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്. അന്വേഷണാവസ്ഥയിലാണ്.

കേരള സംസ്ഥാന പോലീസ് മേധാവി നൽകിയ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കേരള ആരോഗ്യ രക്ഷാ പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും നാശവും) തടയൽ ആക്റ്റിന് കീഴിൽ ലഭിച്ച പരാതികളിന്മേൽ കോടതികളിൽ രജിസ്റ്റർ ചെയ്ത ഭൂരിപക്ഷം കേസുകളിലും ഒരു വർഷത്തിനകം വിചാരണ പൂർത്തിയാകുന്നില്ലായെന്നത് വ്യക്തമാകുന്നു.

MANU B.